## കിം വർണ്ണിതേന ബഹുനാ ലക്ഷണം ഗുണദോഷയോ:
## ഗുണദോഷദൃശിർദ്ദോഷോ ഗുണസ്തൂഭയവർജ്ജിത: (11-19-45)

*ഭഗവാൻ കൃഷ്ണൻ തുടർന്നു:*
ആത്മസാക്ഷാത്ക്കാരത്തിനായി തപശ്ചര്യകളോ, തീർത്ഥാടനങ്ങളോ, പ്രാർത്ഥനയോ, ദാനങ്ങളോ മറ്റ് ആത്മശുദ്ധീകരണമാർഗ്ഗങ്ങളോ ഒന്നും തന്നെ ഒരു ജ്ഞാനകിരണത്തിൻെറയത്ര ഫലപ്രദമല്ല. അതിനാൽ ആ ജ്ഞാനത്തോടെ എന്നെ പൂജിച്ചാലും. കാരണം വിജ്ഞാനികൾ എന്നെയല്ലാതെ മറ്റൊന്നിനോടും ഭക്തിയുള്ളവരല്ല.

*ഉദ്ധവർ പറഞ്ഞു:* ദയവായി ഭക്തിയുടെയും ജ്ഞാനത്തിൻെറയും ധർമ്മാധർമ്മങ്ങളുടെയും സ്വഭാവ സവിശേഷതകൾ വിവരിച്ചു തന്നാലും.

*ഭഗവാൻ കൃഷ്ണൻ അരുളി:*
മഹായുദ്ധം കഴിഞ്ഞ സമയത്ത് യുധിഷ്ഠിരനും ഇതേ ചോദ്യം തന്നെ ഭീഷ്മരോട് ചോദിക്കുകയുണ്ടായി. അദ്ദേഹം പറഞ്ഞ ഉത്തരത്തിൻെറ സാരമെന്തെന്ന് ഞാൻ പറയാം. ജ്ഞാനം എന്നത് ഒൻപത് അടിസ്ഥാന തത്വങ്ങളെക്കുറിച്ചും (പ്രകൃതി, പുരുഷൻ, മഹത്, അഹങ്കാരം, പഞ്ചഭൂതങ്ങൾ, എന്നിവയാണാ തത്വങ്ങൾ). അവയിൽനിന്ന് പരിണമിച്ചുണ്ടായ പതിനൊന്നു രൂപങ്ങളെക്കുറിച്ചും (പത്തിന്ദ്രിയങ്ങളും മനസ്സും). പഞ്ചഭൂതങ്ങളെക്കുറിച്ചും. വിശ്വസൃഷ്ടി മുഴുവനും വ്യാപിച്ചിരിക്കുന്ന ത്രിഗുണങ്ങളെക്കുറിച്ചും, സകലതിൻെറയും സാരസത്തായും അന്തര്യാമിയായും വർത്തിക്കുന്ന ആ പരംപൊരുളിനെക്കുറിച്ചും ഉള്ള സമ്യക്കായ അറിവാണ്, വിജ്ഞാനം എന്നത്. ഒരുവനിൽ നാനാത്വബോധം ഇല്ലാതാക്കുന്നതും അദ്വൈതമായ ഏകതാ ബോധമുളവാക്കുന്നതുമായ അറിവത്രെ അത്. അനശ്വരമായ ഏകസത്യം അതു മാത്രമായതിനാൽ പരമാർത്ഥമുള്ളതും അതു മാത്രം. ഏതൊന്നാണോ തുടക്കത്തിലും, മദ്ധ്യത്തിലും, അവസാനത്തിലും - ഭൂതവർത്തമാനഭാവികാലങ്ങളിൽ- നിലകൊള്ളുന്നത്, അതുമാത്രമേ പരമാർത്ഥമായുള്ളു. മദ്ധ്യത്തിൽ പരിണാമങ്ങൾക്ക് വിധേയമായതുപോലെ കാണപ്പെടുന്നു എങ്കിലും മഹർഷിമാരുടെ വെളിപാടുകളിൽ നിന്നും, നേിട്ടുള്ള അവബോധത്തിൽനിന്നും, പാരമ്പര്യത്തിൽനിന്നും എല്ലാം ഈ അദ്വൈതസത്യത്തെപ്പറ്റി നമുക്ക് അറിയാനാവുന്നു.

ഇനി ഭക്തിക്കു സഹായമായുള്ള കാര്യങ്ങളെക്കുറിച്ച് കേട്ടാലും. എന്നെക്കുറിച്ചുള്ള കഥകളിലുള്ള സമ്പൂർണ്ണ വിശ്വാസം, എന്നെക്കുറിച്ചുള്ള കഥാകഥനം, എന്നോടുള്ള ആരാധനയിൽ മുഴുകിയിരിക്കൽ, സങ്കീർത്തന ങ്ങളും പ്രാർത്ഥനകളും, എനിക്കുവേണ്ടി സേവചെയ്യാനുള്ള ത്വര, എന്നെ നമസ്കരിക്കുക, എൻെറ ഭക്തരെ നമസ്കരിക്കുക, മാത്രമല്ല, ഏറ്റവും പ്രധാനമായി, സകലജീവജാലങ്ങളിലും എന്നെക്കാണുക, എല്ലാ കർമ്മങ്ങളും എന്നിലർപ്പിച്ച് ചെയ്യുക, മനസ്സ് മുഴുവൻ എന്നിലർപ്പിക്കുക, ആഗ്രഹങ്ങളില്ലാതിരിക്കുക, സമ്പത്തിനെ ത്യജിക്കുക, സുഖാസ്വാദനങ്ങൾ എനിക്കുവേണ്ടി ചെയ്യുക, എല്ലാ ധർമ്മാചരണങ്ങളും എനിക്കു വേണ്ടി ചെയ്യുക, എന്നിവയിലൂടെ ഭക്തി വളർത്തിയെടുക്കാം. ഇവയെല്ലാം അനുഷ്ഠിക്കുന്നവരിൽ എന്നോടുള്ള പരമപ്രേമമുണരുന്നു. ഈ പ്രേമമുദിച്ചു കഴിഞ്ഞാൽ ഇഹലോകത്ത് നേടേണ്ടതായി മറ്റൊന്നുമില്ല തന്നെ. അഹിംസ, സത്യം, അകളങ്കത, അനാസക്തി, വിനയം, ധനം പൂഴ്ത്തിവയ്ക്കാതിരിക്കൽ, വിശ്വാസം, ഇന്ദ്രിയനിഗ്രഹം, മൗനം, ദൃഢത, ക്ഷമാശീലം, നിർഭയത്വം, പവിത്രത, ജപം, തപസ്സ്, അഗ്നിപൂജ, സമർപ്പണം, ആതിഥ്യം, എന്നെ പൂജിക്കൽ, തീർത്ഥാടനം, നിസ്വാർത്ഥസേവനം, സംതൃപ്തി, ഗുരുസേവ ഇവയാണ് യമ-നിയമങ്ങൾ. ആരെയും വെറുക്കാതിരിക്കുക എന്നതാണ് ഏറ്റവും വലിയ ഉദാരത. ധൈര്യമാണ് ആത്മനിഷ്ക്കർഷത. സ്വന്തം ശരീരത്തെ ആത്മാവെന്നു കരുതുന്നവൻ വിഡ്ഢിയത്രെ. ധർമ്മപാതയിൽ ചരിക്കുന്നവനത്രെ സമ്പന്നൻ. സംതൃപ്തിയില്ലാത്തവൻ ദരിദ്രനും. ധർമ്മത്തെക്കുറിച്ചുള്ള ചർച്ചകൾ വെറും അധരവ്യായാമം മാത്രം. മറ്റുള്ളവരുടെ നൻമതിൻമകളെക്കുറിച്ച് ചിന്തിക്കുന്നത് തെറ്റാണ്. മറ്റുള്ളവരുടെ നൻമതിൻമകളെ നോക്കാതെയിരിക്കലാണ് നൻമ.